ഈ സ്കോളർഷിപ്പ് പദ്ധതി പ്രകാരം ഒരു വിദ്യാർത്ഥിനിക്ക് സ്കോളർഷിപ്പ് അല്ലെങ്കിൽ ഹോസ്റ്റൽ സ്റ്റൈപെൻറ് മാത്രമേ ലഭിക്കുകയുള്ളൂ. അപേക്ഷകർ യോഗ്യതാ പരീക്ഷയിൽ 50% മാർക്കിൽ കുറയാതെ നേടിയവരും കുടുംബ വാർഷിക വരുമാനം 4.5 ലക്ഷം രൂപയിൽ താഴെയുള്ളവരും ആയിരിക്കണം. പ്രസ്തുത സ്കോളർഷിപ്പ് ലഭിക്കുന്നവർ മറ്റ് സ്കോളർഷിപ്പുകളൊന്നും സ്വീകരിക്കരുത് എന്ന നിബന്ധനയും ഉണ്ട്.

(ബി) പ്രതിവർഷം വിദ്യാർത്ഥിനിക്ക് അനുവദിക്കുന്ന സ്കോളർഷിപ്പ് തുക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

(i) 3000 ബിരുദ വിദ്യാർത്ഥിനികൾക്ക് - 4000 രൂപ വീതം

(ii) 1000 ബിരുദാനന്തര ബിരുദ വിദ്യാർത്ഥിനികൾക്ക് - 5000 രൂപ വീതം

(iii) 1000 പ്രൊഫഷണൽ വിദ്യാർത്ഥിനികൾക്ക് - 6000 രൂപ വീതം

(iv) 2000 വിദ്യാർത്ഥിനികൾക്ക് ഹോസ്റ്റൽ സ്റ്റൈപെന്റ്-12000 രൂപവീതം

(സി) ഉണ്ട്. പ്രസ്തുത പദ്ധതിപ്രകാരം സംസ്ഥാനത്തെ ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥിനികൾക്കും മുന്നോക്ക സമുദായങ്ങളിലെ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലെ വിദ്യാർത്ഥിനികൾക്കും സ്കോളർഷിപ്പിന് അപേക്ഷിക്കാവുന്നതാണ്. സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിൽ 11-ാം ക്ലാസ്സിലോ ബിരുദ ഒന്നാം വർഷ കോഴ്സിലോ പ്രവേശനം ലഭിച്ചവരും കുടുംബവാർഷിക വരുമാനം 18000 രൂപയിൽ താഴെയുള്ളവരുമായ വിദ്യാർത്ഥിനികൾ ഈ സ്കോളർഷിപ്പ് ലഭിക്കാൻ അർഹരാണ്. പ്രതിവർഷം 125 രൂപയാണ് സ്കോളർഷിപ്പായി നൽകിവരുന്നത്.

(ഡി) സ്കോളർഷിപ്പ് തുക വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

എസ്. എസ്. എ. ഫണ്ട് വിനിയോഗം

27(2934) <u>ശ്രീ. എളമരം കരീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) പൊതുവിദ്യാഭ്യാസ വകുപ്പിൽ ഏതെല്ലാം പദ്ധതികൾക്കാണ് എസ്.എസ്.എ. ഫണ്ട് വിനിയോഗിക്കുന്നത് ; വിശദമാക്കാമോ ;

(ബി) ഓരോ പദ്ധതിക്കും അനുവദിച്ച തുകയും ഇതുവരെ ചെലവഴിച്ച തുകയും ഇനം തിരിച്ച് വ്യക്തമാക്കാമോ ;

(സി) ഫണ്ട് വിനിയോഗം സംബന്ധിച്ച് കേന്ദ്രമാർഗ്ഗനിർദ്ദേശങ്ങൾ പൂർണ്ണമായും പാലിക്കപ്പെട്ടിട്ടുണ്ടോ ;

(ഡി) അദ്ധ്യാപക ബാങ്കിൽനിന്നും നിയമിക്കപ്പെട്ട ഭാഷാ അദ്ധ്യാപകർക്ക് എസ്.എസ്.എ ഫണ്ടിൽ നിന്നും വേതനം നൽകുന്നുണ്ടോ ; ഇത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) പൊതുവിദ്യാഭ്യാസ വകുപ്പിൽ മുഖേന പ്രതിപാദിച്ചിട്ടുള്ള പദ്ധതികൾക്കായി എസ്.എസ്.എ. ഫണ്ട് വിനിയോഗിക്കുന്നതാണ്.

1. എല്ലാ പെൺകുട്ടികൾക്കും ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട ആൺകുട്ടികൾക്കും സൗജന്യയൂണിഫോം
2. സൗജന്യ പാഠപുസ്തകം
3. ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ഉപകരണവിതരണം
4. ക്ലാസ്റൂം, പ്രഥമാദ്ധ്യാപകരുടെ മുറി, ചുറ്റുമതിൽ, ഇടഭിത്തി, ടോയ് ലെറ്റ്, കുടിവെള്ളം മുതലായവയുടെ നിർമ്മാണം
5. അദ്ധ്യാപകർക്ക് പരിശീലനം

(ബി) വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(സി) ഫണ്ട് വിനിയോഗം കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയത്തിന്റെ ഫിനാൻഷ്യൽ മാനേജ്മെന്റ് ആന്റ് പ്രൊക്യൂവർ റൂൾ പ്രകാരം ആണ് നടത്തുന്നത്.

(ഡി) ഭാഷാ അദ്ധ്യാപകർക്ക് എസ്.എസ്.എ. ഫണ്ടിൽനിന്നും വേതനം നൽകുന്നില്ല.

ഭൂമി വിറ്റ് ലാഭം നേടുന്നതിനുവേണ്ടി സ്കൂളുകൾ നിർത്തലാക്കുന്ന നടപടി

28(2935) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly